'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് തവനൂർ നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ ശൗചാലയങ്ങളും മൂത്രപ്പുരകളും പുതുതായി പണിയുന്നതിനും നിലവിലുള്ള ശൗചാലയങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള പദ്ധതിക്ക് 2019-20 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.1352/2019/LSGD തീയതി, തിരുവനന്തപുരം, 02/07/2019

പരാമർശം:- 1 07.08.2017-ലെ ജി.ഒ.(പി)നം.102/2017/ധന. നമ്പർ ഉത്തരവ്

2 26.03.2018-ലെ G.O.(Rt.) No.823/2018/LSGD നമ്പർ ഉത്തരവ്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.05.2019-ലെ 4024/A/2017/SM നമ്പർ കത്ത്

<u>ഉത്തരവ്</u>

തവനൂർ നിയോജക മണ്ഡലത്തിൽ 12 സർക്കാർ സ്കൂളുകളിൽ 125 ശൗചാലയങ്ങളും 153 മൂത്രപ്പുരകളും പുതുതായി പണിയുന്നതിനും, കാടഞ്ചേരി ഗവൺമെന്റ് എച്ച്.എസ്.എസിൽ നിലവിലുള്ള 20 ശൗചാലയങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനും 2017-18 വർഷത്തെ ബഡ്ജറ്റിൽ 2515-00-101-68 എന്ന ശീർഷകത്തിൽ 'ദ്രവമാലിന്യ പരിപാലന ഘടകത്തിൽ' വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 1,47,10,000/- രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി തുക ആ സാമ്പത്തിക വർഷം ചെലവഴിക്കുവൻ കഴിഞ്ഞിരുന്നില്ലെന്നും പദ്ധതി നിർവ്വഹണം ഗവൺമെൻറ് അംഗീകൃത ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുകയും തവനൂർ നിയോജക മണ്ഡലത്തിലെ തിരൂർ-പൊന്നാനി ബ്ലോക്കുകളിലായി യഥാക്രമം 65,50,000/ രൂപയ്ക്കും, 63,50,000/ രൂപയ്ക്കും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകി (ആകെ അടങ്കൽ തുക 1,29,00,000/ രൂപ) ടി ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട് പദ്ധതി നിർവഹണം പൂർത്തീകരിച്ച് വരുന്നതായും, പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടത്തിൽ പ്രവൃത്തി പ്രദേശത്തുണ്ടായ പ്രത്യേക സാഹചര്യങ്ങളാലും സ്കൂൾ അധികൃതരുടെ രേഖാമൂലമുള്ള ആവശ്യപ്രകാരവും എസ്റ്റിമേറ്റുകളിൽ ചില ഭേദഗതികൾ വരുത്തി താഴെപ്പറയുന്ന എസ്റ്റിമേറ്റ് അനുസരിച്ചുള്ള പ്രവൃത്തിയാണ് നിലവിൽ പൂർത്തീകരിച്ച വരുന്നതെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) |
|---|---|---|

| | | |
|---|---|---|
| 1 | തിരൂർ ബ്ലോക്ക് പഞ്ചായത്തിലെ 5 സർക്കാർ സ്കൂളുകളിൽ ശൗചാലയങ്ങളുടേയും മൂത്രപ്പുരകളുടേയും പുതിയ നിർമ്മാണം | 70,00,000/- |
| 2 | പൊന്നാനി ബ്ലോക്ക് പഞ്ചായത്തിലെ 7 സർക്കാർ സ്കൂളുകളിൽ ശൗചാലയങ്ങളുടേയും മൂത്രപ്പുരകളുടേയും പുതിയ നിർമ്മാണവും അറ്റകുറ്റപ്പണികളും | 63,50,000/- |
| | ആകെ | 1,33,50,000/- |

2. മേൽ പറഞ്ഞിരിക്കുന്ന ഭേദഗതികൾ അംഗീകരിച്ച് ശുചിത്വ കേരളം (റൂറൽ) 2515-00-101-68 എന്ന ശീർഷകത്തിൽ ദ്രവമാലിന്യ പരിപാലനത്തിനായി 2019-20 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 1,33,50,000/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പറഞ്ഞ പ്രവൃത്തികൾക്ക് അപ്രൂവ്ഡ് എസ്റ്റിമേറ്റും പുതുക്കിയ സാങ്കേതിക അനുമതിയും പ്രകാരം അനുവദനീയമായ തുക, 2019-20 സാമ്പത്തിക വർഷം 2515-00-101-68 എന്ന ശീർഷകത്തിൽ "ശുചിത്വ കേരളം (റൂറൽ)" പദ്ധതിയിലെ 'ദ്രവമാലിന്യ പരിപാലന ഘടകത്തിൽ' വകയിരുത്തി ഭരണാനുമതി നല്കിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4.മേൽ പറഞ്ഞ ഭേദഗതികളോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
SPECIAL SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, മലപ്പുറം.
സെക്രട്ടറി, തിരൂർ / പൊന്നാനി ബ്ലോക്ക് പഞ്ചയത്തുകൾ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.07.03 10:48:25 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്